"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - മിഷൻ വാത്സല്യ - ചൈൽഡ് ഹെൽപ്പ് ലൈൻ ജീവനക്കാരുടെ കരാർ കാലാവധി ഏകീകരിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.281/2025/WCDD തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-
1. 09.07.2019-ലെ സ.ഉ (സാധാ) നം.81/2019/ധന
2. 01.07.2023-ലെ സ.ഉ (സാധാ) നം.403/2023/വ.ശി.വി.വ
3. 03.11.2023-ലെ സ.ഉ (സാധാ) നം.593/2023/വ.ശി.വി.വ
4. വനിത ശിശു വികസന ഡയറക്ടറുടെ 20-01-2025 തീയതിയിലെ DWCD/4447/2024-ICPS 7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ചൈൽഡ് ഹെൽപ് ലൈൻ സേവനം സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതിനായി കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം 31.03.2023ന് പുറപ്പെടുവിച്ച SOP യുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കുട്ടികൾക്കായി 1098 എന്ന 24*7 ചൈൽഡ് ഹെൽപ്പ് ലൈൻ സേവനം സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖാന്തിരം നടപ്പിലാക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകുകയും പരാമർശം (3) പ്രകാരം ചൈൽഡ് ഹെൽപ്പ് ലൈൻ ജീവനക്കാരുടെ വേതനം നിശ്ചയിക്കുകയും ചെയ്തിരുന്നു.

ചൈൽഡ് ഹെൽപ്പ് ലൈൻ സംസ്ഥാന-ജില്ലാ-റെയിൽവേ തല കാര്യാലയങ്ങളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ഒരു വർഷ സേവനകാലാവധി അവസാനിക്കുന്നത് വ്യത്യസ്ത തീയതികളിലായതിനാൽ ജീവനക്കാരുടെ കരാർ പുതുക്കൽ നടപടികൾക്ക് ഏറെ സമയമെടുക്കുന്നതിനാൽ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമുണ്ടാകുന്നുണ്ടെന്നും നിലവിലെ ചൈൽഡ് ഹെല്പ് ലൈൻ SOP പ്രകാരം അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങൾക്കായി പ്രത്യേകം ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, സൈക്കോ സോഷ്യൽ പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന കൗൺസിലർമാരുടെ സേവനകാലാവധി ഏകീകരിച്ച് ദീർഘിപ്പിച്ചു നൽകുന്ന മാതൃകയിൽ ചൈൽഡ് ഹെൽപ്പ് ലൈൻ ജീവനക്കാരുടെ കരാർ ഓരോ മാർച്ച് 31 തിയതി വരെയും നിശ്ചയിച്ച് കൊണ്ട് ഏകീകരിക്കുന്ന പക്ഷം കരാർ പുതുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനും സാധിക്കുമെന്നും അത് പദ്ധതിപ്രവർത്തനങ്ങൾക്ക് ഗുണകരമായിരിക്കും എന്നതിനാൽ കരാർ വ്യവസ്ഥയിൽ നിയമനം നൽകിയവരുടെ സേവനം വകുപ്പ് മേധാവിക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന പരാമർശം (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ഡയറക്ടർ തലത്തിൽ ചൈൽഡ്

ഹെൽപ്പ് ലൈൻ ജീവനക്കാരുടെ കരാർ ഏകീകരിച്ച് നൽകിയിട്ടുണ്ടെന്നും മേൽ ഉത്തരവ് പ്രകാരമുള്ള ഒരു വർഷകാലയളവ് എന്ന പരിധി മറികടക്കാതെയാണ് കരാർ ഇത്തരത്തിൽ ഏകീകരിച്ച് ദീർഘിപ്പിച്ച നൽകിയിട്ടുള്ളതെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്

ചൈൽഡ് ഹെൽപ്പ് ലൈൻ സംസ്ഥാന കാര്യാലയത്തിലും 14 ജില്ലാ ചൈൽഡ് ഹെൽപ്പ് ലൈൻ യൂണിറ്റുകളിലും 4 റെയിൽവേ ചൈൽഡ് ഹെൽപ്പ് ഡെസ്കുകളിലും വിവിധ തസ്തികകളിൽ ഒരു വർഷ കരാറടിസ്ഥാനത്തിൽ നിയമിതരായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ഏകീകരിച്ച് 2025 മാർച്ച് 31 തീയതി വരെ ദീർഘിപ്പിച്ചുകൊണ്ട് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും ഭാവിയിൽ CHL ജീവനക്കാരുടെ കരാർ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് സമാനരീതിയിൽ പ്രസ്തുത തിയ്യതി വരെ ദീർഘിപ്പിച്ച നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ചൈൽഡ് ഹെൽപ്പ് ലൈൻ സംസ്ഥാന കാര്യാലയത്തിലും 14 ജില്ലാ ചൈൽഡ് ഹെൽപ്പ് ലൈൻ യൂണിറ്റുകളിലും 4 റെയിൽവേ ചൈൽഡ് ഹെൽപ്പ് ഡെസ്കുകളിലും വിവിധ തസ്തികകളിൽ ഒരു വർഷ കരാറടിസ്ഥാനത്തിൽ നിയമിതരായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ഏകീകരിച്ച് 2025 മാർച്ച് 31 തീയതി വരെ ദീർഘിപ്പിച്ചുകൊണ്ട് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവുകൾ സാധൂകരിച്ചും ഭാവിയിൽ CHL ജീവനക്കാരുടെ കരാർ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് സമാനരീതിയിൽ പ്രസ്തുത തീയതി വരെ ദീർഘിപ്പിച്ച നൽകുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരളം,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 17-06-2025 11:05:30